# Mathrubhumi

## 22 August 2018

## Angamaly,Chambannur,Flood, Widespread Damage



ചന്ദ്രനും ഭാര്യ ദേവയാനിയും മകളുടെ വിവാഹ വസ്ത്രങ്ങൾക്കു സമീപം

### കണ്ണീരിൽ കുതിർന്ന് ആ പുടവ

സ്വപ്നങ്ങൾ നെയ്തെടുത്ത വീട്ടിൽ മകൾക്കായി വാങ്ങിയ വിവാഹ വസ്ത്രങ്ങൾ വെള്ളം കയറി നശിച്ചുകിടക്കുന്നതു കണ്ട് ആ പിതാവിന്റെ നെഞ്ച് പിടഞ്ഞു. വ്യാഴാഴ്ചയാണ് മകളുടെ വിവാഹം. വിവാഹത്തിനായി എല്ലാം അടുപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണ് പ്രളയം അതെല്ലാം തച്ചുടച്ചത്. പ്രളയം താണ്ഡവമാടി സർവതും നശിപ്പിച്ചപ്പോൾ നിസ്സഹായനായി വിറങ്ങലിച്ചു നിൽക്കുകയാണ് ചമ്പന്നൂർ സ്വദേശി ചന്ദ്രൻ.

മകൾ ദിവ്യശ്രീയുടെ വിവാഹം വ്യാഴാഴ്ച നിശ്ചയിച്ചിരിക്കുന്നതിനാൽ സാരി ഉൾപ്പെടെ എല്ലാ വസ്ത്രങ്ങളും വാങ്ങിയിരുന്നു. മകളുടെ വിവാഹ ആവശ്യത്തിനായി ചന്ദ്രൻ സൊസൈറ്റിയിൽനിന്ന് നാലു ലക്ഷം രൂപ വായ്പയെടുത്തിരിക്കുകയാണ്. ഇതുപയോഗിച്ചാണ് വസ്ത്രങ്ങളും മറ്റും വാങ്ങിയത്. വ്യാഴാഴ്ചയാണ് വീട്ടിൽ വെള്ളം കയറിയത്. വിവാഹ വസ്ത്രങ്ങളും മറ്റും അടങ്ങിയ അലമാര കട്ടിലിനു മുകളിൽ കയറ്റിവച്ച ശേഷം ചന്ദ്രനും കുടുംബവും ദുരിതാശ്വാസ ക്യാമ്പിലേക്കു മാറി.

വെള്ളം പാതി ഇറങ്ങിയതിനെ തുടർന്ന് ചൊവ്വാഴ്ച വീട്ടിലെത്തി നോക്കിയപ്പോഴാണ് സർവതും നശിച്ചുകിടക്കുന്നതായി കാണുന്നത്. വെള്ളം കയറിയതോടെ അലമാര മറിഞ്ഞുവീണു. അഞ്ച് ദിവസമായി വീട് വെള്ളത്തിനടിയിലായിരുന്നു. എല്ലാം നശിച്ചെങ്കിലും നിശ്ചയിച്ച മുഹൂർത്തത്തിൽ തന്നെ വിവാഹം നടത്താൻ വരന്റെ വീട്ടുകാരുമായി ധാരണയുണ്ടാക്കിയിട്ടുണ്ട്. ദേശം കുന്നുംപുറത്താണ് വരന്റെ വീട്. ചമ്പന്നൂർ വെട്ടിപ്പുഴക്കാവ് ഭഗവതീ ക്ഷേത്രത്തിൽ വ്യാഴാഴ്ച രാവിലെ 10.15-നും 11-നും മധ്യേയാണ് താലികെട്ട്.